(സി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഏതെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) രോഗം ബാധിച്ച പ്രദേശത്ത് പൂർണ്ണമായ തോതിൽ പ്രതിരോധ പ്രവർത്തനം നടത്തുന്നതിന് സർക്കാർ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. ഉദ്ദേശം 450 ഹെക്ടർ സ്ഥലത്ത് രോഗബാധയുണ്ടായതാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

(ബി, സി) ഇടുക്കിയിലെ ജില്ലാതല ഡയഗ്നോസ്റ്റിക് ടീം 29-5-2003-ലും സംസ്ഥാന കൃഷി ഡയറക്ടറേറ്റിലെ ദ്രുതകർമ്മ വിഭാഗം 2003 ജൂലൈ മാസം 10,11 തീയതികളിലും രോഗബാധിത പ്രദേശങ്ങൾ സന്ദർശിച്ചിട്ടുണ്ട്. കൃഷിശാസ്ത്രജ്ഞർ രോഗബാധിത പ്രദേശങ്ങൾ സന്ദർശിച്ചു രോഗനിവാരണ പ്രവർത്തനങ്ങൾക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. രോഗബാധയെക്കുറിച്ച് മനസ്സിലാക്കുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായാണ് പ്രസ്തുത സന്ദർശനങ്ങൾ നടത്തിയത്. രോഗബാധിത പ്രദേശങ്ങളിൽ നടത്തിയ സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ രോഗനിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പ്രാഥമിക നടപടി കൃഷിവകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

(ഡി) രോഗം ബാധിച്ച പ്രദേശത്ത് അടിയന്തിര സസ്യ സംരക്ഷണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന് 50 ശതമാനം ധനസഹായം നൽകുന്നതിന് ഇടുക്കി പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇടുക്കി ജില്ലയിൽ പ്രത്യേകമായി സ്ക്വാഡുകളെ വിന്യസിച്ച് കുരുമുളകിനെ ബാധിക്കുന്ന രോഗങ്ങളെക്കുറിച്ചും മരുന്നിന്റെ പ്രയോഗിക രീതിയെക്കുറിച്ചും വ്യാപകമായ പ്രചരണം നടത്തുന്നതിനും ഗുണമേന്മയുള്ളതും രോഗപ്രതിരോധ ശേഷിയുള്ളതുമായ നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നതിനും ആവശ്യമുള്ളത്ര മരുന്നു ലഭ്യമാക്കുന്നതിനും കൃഷിവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

നീർത്തട പദ്ധതിക്ക് ചെലവഴിച്ച തുക

71 [4806] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി പഞ്ചായത്തിൽ നീർത്തട പദ്ധതിയിൽ എത്ര സംഖ്യ ചെലവഴിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) ഏതെല്ലാം പദ്ധതികൾക്ക് എത്ര പേർക്കാണ് സഹായധനം നൽകിയത് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 9-ാം പഞ്ചവൽസര പദ്ധതിക്കാലത്ത് സംസ്ഥാനത്ത് നടപ്പിലാക്കിയ ദേശീയ വാട്ടർഷെഡ് വികസന പദ്ധതിയിൽ കോഴിക്കോട് ജില്ലയിൽ ബാലുശ്ശേരി പഞ്ചായത്തിൽ 25,320 രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ദേശീയ വാട്ടർഷെഡ് വികസന പദ്ധതിയിൽ കോഴിക്കോട് ജില്ലയിൽ ബാലുശ്ശേരി പഞ്ചായത്തിലെ പ്രദേശങ്ങൾകൂടി ഉൾപ്പെടുന്ന "തൃക്കുറ്റിശ്ശേരി" എന്ന പേരിൽ തെരഞ്ഞെടുത്ത വാട്ടർഫെഡ് പദ്ധതിയിൽ 41 ഗുണഭോക്താക്കൾക്ക് സഹായധനം ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി അല്ലാതെ മറ്റു സംസ്ഥാന/കേന്ദ്രാവിഷ്കൃത പദ്ധതികളൊന്നുംതന്നെ ബാലുശ്ശേരി പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല.

നീർത്തട വികസന പദ്ധതികൾ

72 [4807] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടന്നുവരുന്ന നീർത്തട വികസന പദ്ധതി സർക്കാർ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) നീർത്തട വികസന പദ്ധതിയിൽ ജനപങ്കാളിത്തം, ആവശ്യമായ ഫണ്ടിന്റെ ലഭ്യത, ഫീൽഡ് ഉദ്യോഗസ്ഥൻമാരുടെ പരിചയക്കുറവ് എന്നിവ അനുഭവപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ പരിഹരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് ഇതിനകം എത്ര നീർത്തട വികസന പദ്ധതികൾ പൂർത്തീകരിച്ചെന്നും അവ ഏതൊക്കെയെന്നും വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തെ നീർത്തട പദ്ധതികൾ കൂടുതൽ പ്രയോജനപ്രദമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ അവ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(ഇ) നീർത്തട വികസന പദ്ധതിയിലൂടെ നാളിതുവരെ കൈവരിക്കാനായ നേട്ടങ്ങൾ എന്തൊക്കെയാണ് എന്നു തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നേട്ടങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അവലോകനം നടത്തിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചും ബോർഡിന്റെ സാമ്പത്തിക സഹായത്തോടുകൂടിയുള്ള പദ്ധതി നബാർഡിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായും അവലോകനം ചെയ്തിട്ടുണ്ട്. വകുപ്പുതലത്തിൽ അവലോകനം നടത്തിയതിനു പുറമെ അഗ്രികൾച്ചറൽ ഫിനാൻസ് കോർപ്പറേഷൻ, നാഷണൽ റിമോർട്ട് സെൻസിംഗ് ഏജൻസി എന്നീ സ്ഥാപനങ്ങൾ മുഖേനയും അവലോകനം നടത്തിയിട്ടുണ്ട്.

(ബി) നീർത്തട വികസന പദ്ധതികളെല്ലാംതന്നെ ജനപങ്കാളിത്തം ഉറപ്പാക്കിയാണ് നടപ്പിലാക്കി വരുന്നത്. പദ്ധതിയുടെ നടത്തിപ്പിന് ഫണ്ടിന്റെ ലഭ്യതയ്ക്ക് കുറവ് അനുഭവപ്പെട്ടിട്ടില്ല. ഉദ്യോഗസ്ഥൻമാരുടെ പരിചയക്കുറവും അനുഭവപ്പെട്ടിട്ടില്ല. കൃഷിവകുപ്പിന്റെ കീഴിൽ മണ്ണു സംരക്ഷണ മേഖലയിൽ പരിചയസമ്പന്നരായ ഉദ്യോഗസ്ഥർ ലഭ്യമാണ്. കൂടാതെ പുതിയ സാങ്കേതിക വിദ്യകളെക്കുറിച്ച് അവബോധം നൽകുന്നതിനായി വിവിധ പരിശീലന പരിപാടികൾക്ക് ഉദ്യോഗസ്ഥരെ അയയ്ക്കുന്നുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly